ചെയ്തു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'ഇവിടെ പലരും വരും. ആർക്കും സാഹിത്യത്തിലോ പൊതുക്കാര്യങ്ങളിലോ താല്പര്യമില്ല. എല്ലാവരും വരുന്നതു ചെറിയ സ്വാർത്ഥങ്ങൾ നേടാനാണ്. അവരുടെ മുമ്പിൽ ഞാൻ ഒന്നും ഓർമയില്ലാത്തവനെപ്പോലെ നടിക്കുകയാണ്. 'എനിക്ക് ഓർമ തികച്ചുമുണ്ട്.' രണ്ടു മണിക്കൂർ പല കാര്യങ്ങളെപ്പററി സംസാരിക്കുകയും അനുസ്യൂതമായി പൊട്ടിച്ചിരിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ, തന്റെ ഓർമയെപ്പററി അദ്ദേഹം പറഞ്ഞതു ശരിയാണെന്ന് എനിക്കു തോന്നി. എങ്കിലും, സ്വന്തം പുസ്തകങ്ങളുടെ പേരു പറയാൻപോലും അദ്ദേഹത്തിനു കഴിയുന്നില്ലെന്നു ഞാൻ കണ്ടു.

അങ്ങനെ, അദ്ദേഹം തന്റെ ബുദ്ധിപരമായ പ്രവർത്തനങ്ങളിൽനിന്നു വിരമിച്ചിട്ട് ഏതാനും വർഷങ്ങളായി. ഇപ്പോൾ ജീവിക്കുക എന്ന ഭൗതികപ്രവർത്തനവും കോവൂർ അവസാനിപ്പിച്ചിരിക്കുന്നു. മെയ് 1—ാം തീയതി വൈകുന്നേരം, കുററപ്പുഴ യറുശലേം മർത്തോമ്മാപ്പള്ളി സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ശരീരം സംസ്കാരകേരളത്തിന്റെ ആദരാഞ്ജലികളോടെ സംസ്കരിക്കപ്പെട്ടു. അദ്ദേഹവുമായി അടുത്ത് ഇടപെടാൻ അവസരം ലഭിച്ചവർ ആഹ്ലാദകരമായ ആ വ്യക്തിത്വത്തെപ്പററിയുള്ള ഓർമകൾ ഇനിയും വളരെക്കാലം പുലർത്തും. അദ്ദേഹത്തിന്റെ നോവലുകളും ചെറുകഥകളും നർമോപന്യാസങ്ങളും മററു രചനകളും മലയാളസാഹിത്യവും മലയാളഭാഷയും ഉള്ളകാലത്തോളം നിലനിൽക്കുകയുംചെയ്യും.

പ്രിയപ്പെട്ട ഈ ജ്യേഷ്ഠസുഹൃത്തിനു സ്നേഹോഷ്മളമായ അന്ത്യപ്രണാമം!

(3 മെയ്, 1983)

# 115. ചീഫ് ജസ്റ്റീസ് ശ്രീ സുബ്രഹ്മണ്യൻ പോററി

'ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ് അയാൾ ഏററവും അധികം' വിലമതിക്കേണ്ട മൗലികാവകാശം. ഈ കേസ്സിലെന്നപോലെ, സ്റ്റേററിലെ പോലീസ് സേനയുടെ പിന്തുണയുള്ള അധികൃതന്മാർ ഒരാളെ നിയമവിരുദ്ധമായി കസ്റ്റഡിയിലെടുത്തുകൊണ്ട് അയാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽ കൈകടത്തിയതായി ഞങ്ങൾക്കു ബോദ്ധ്യം വന്നാൽ, ആ വ്യക്തിയെ സ്വതന്ത്രനാക്കുന്നതിനുവേണ്ടി ഈ കോടതിക്ക് അതിന്റെ അധികാരം പ്രയോഗിക്കുവാൻ ഒരു സാദ്ധ്യതയുമില്ലെന്നു തെളിയിക്കപ്പെടാത്തപക്ഷം, ഞങ്ങൾ അടങ്ങിയിരിക്കുകയില്ല. അനുചിതമായ പ്രവൃത്തി ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥന്റെമേൽ എന്തെങ്കിലും ശിക്ഷ ചുമത്തുകയല്ല ഞങ്ങളുടെ ഉദ്ദേശ്യമെന്ന് ആവർത്തിച്ചുകൊള്ളട്ടെ. മറിച്ച്, മനുഷ്യസ്വാതന്ത്ര്യത്തിന് എവിടെയെവിടെ, എപ്പോഴെപ്പോൾ, ഗുരുതരമായ ഭീഷണി നേരിടുന്നുവോ, അവിടെയവിടെ, അപ്പോഴപ്പോൾ, സ്വാതന്ത്ര്യത്തിന്റെ കാവല്ക്കാർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് ഈ രാജ്യത്തിലെ ഏററവും ഉയർന്ന നീതിപീഠത്തിനുള്ള ഉത്തരവാദിത്തത്തെ ഭക്ത്യാദരങ്ങളോടെ ഓർമിച്ചുകൊണ്ട്, പൗരന്മാരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻവേണ്ടി ഈ കോടതിയിൽ

നിക്ഷിപ്തമായ അധികാരം കൈയിലെടുക്കാനും പ്രയോഗിക്കാനും മാത്രമാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.'

1983 ജൂൺ 6—ാം തീയതി തിരുവനന്തപുരത്ത് രാജഭവനിൽ നിറഞ്ഞ ഒരു സദസ്സിന്റെ മുമ്പിൽവെച്ച് താൻ ഭരണഘടനയെ നിലനിർത്തുമെന്നും ഭയമോ, പക്ഷപാതമോ കൂടാതെ എല്ലാവർക്കും സമമായി നീതി നൽകുമെന്നും അർത്ഥം വരുന്ന പ്രതിജ്ഞ, കേരള ഗവർണർ ശ്രീ രാമചന്ദ്രൻ ചൊല്ലിക്കൊടുക്കുന്നതു് ചീഫ് ജസ്റ്റീസ് ശ്രീ പി. സുബ്രഹ്മണ്യൻ പോററി ഏററുപറയുന്നതു കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നതു് 1977—ലെ കെ. എൽ. ടി. 335—ാം നമ്പർ കേസ്സിൽ ഐതിഹാസികമായ വിധി പ്രസ്താവിച്ചുകൊണ്ടു് ശ്രീ പോററി ചെയ്ത, മുകളിലുദ്ധരിച്ച ഉജ്ജ്വലപ്രഖ്യാപനമായിരുന്നു.

കെ. എൽ. ടി. 335-ാം നമ്പർ കേസ്സിനെപ്പററി ഇപ്പോൾ കേരളത്തിൽ എത്രപേർ ഓർമിക്കുന്നുണ്ടായിരിക്കും? ഏതായാലും ആറു വർഷം മുമ്പു് ഈ കേസ് ഈ രാജ്യത്തു് എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചിരുന്നു. ഈച്ചരവാരിയർ എന്ന അദ്ധ്യാപകന്റെ പുത്രനായ രാജൻ എന്ന എൻജിനീയറിങ് കോളേജ് വിദ്യാർത്ഥിയെ അടിയന്തരാവസ്ഥക്കാലത്തു്, 1976 മാർച്ച് 1—ാം തീയതി പോലീസ് പിടിച്ചുകൊണ്ടുപോയി. കോളേജിലെ പ്രിൻസിപ്പാൾ വിദ്യാർത്ഥിയുടെ അച്ഛനെ വിവരം രജിസ്റ്റർചെയ്ത കത്തുമൂലം അറിയിച്ചു. ഭരണഘടന വാഗ്ദാനംചെയ്യുന്ന മൗലികാവകാശങ്ങളെല്ലാം റദ്ദ്ചെയ്യുന്നതായിരുന്നു അടിയന്തരാവസ്ഥയുടെ പ്രഖ്യാപനം. അതിനാൽ കോടതിയെ സമീപിക്കാൻ പിതാവിനു നിവൃത്തിയുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ മകന്റെ വിവരം അറിയുന്നതിനുവേണ്ടി, കേരളത്തിലെ മുഖ്യമന്ത്രിയേയും, ആഭ്യന്തരമന്ത്രിയേയും ആഭ്യന്തരവകുപ്പു സെക്രട്ടറിയേയും, പോലീസ് അധികൃതന്മാരേയും മാറി മാറി സമീപിച്ചു. ഒരു ഫലവുമില്ലെന്നു കണ്ടപ്പോൾ രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും അഭ്യർത്ഥനകൾ അയച്ചു. ചില എം. പി. മാരുടെ സഹായം തേടി. മനുഷ്യസാദ്ധ്യമായതെല്ലാം ചെയ്തു. എന്നിട്ടും ശ്രീ ഈച്ചരവാരിയർക്കു് തന്റെ മകനെ കാണാനോ, അയാൾ ഏതു നിലയിലിരിക്കുന്നു എന്ന വിവരം അറിയാനോ കഴിഞ്ഞില്ല. ഒടുവിൽ, അടിയന്തിരാവസ്ഥ നീങ്ങി മൗലികാവകാശങ്ങൾ പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ ദുഃഖിതനായ ആ പിതാവു് കേരള ഹൈക്കോടതിയെ ശരണം പ്രാപിച്ചു. അങ്ങനെ, ഈ കേസ് ജസ്റ്റീസ് പോററിയുടെയും ജസ്റ്റീസ് ഖാലീദിന്റെയും മുമ്പിൽ വന്നു.

## സത്യം തേടി

കേരള ഗവൺമെൻറിന്റെ ആഭ്യന്തരവകുപ്പു സെക്രട്ടറി, പോലീസ് ഐ. ജി., ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി ഐ. ജി., ആഭ്യന്തരവകുപ്പുമന്ത്രി, ഒരു പോലീസ് സൂപ്രണ്ട് എന്നിങ്ങനെ അഞ്ച് ആളുകളായിരുന്നു കേസ്സിലെ പ്രതികൾ. സത്യം വെളിപ്പെടുത്തുന്നതിനു കോടതിയെ സഹായിക്കുന്നതിനു പകരം, സത്യം പാടെ കുഴിച്ചുമൂടുന്നതിനാണ് നിർഭാഗ്യവശാൽ ഈ അധികൃതന്മാർ ശ്രമിച്ചതു്. വാദിയുടെ മകനെ പോലീസ് ഒരിക്കലും അറസ്ററ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ലെന്നു് അവരെല്ലാം കോടതിയിൽ സത്യംചെയ്തു ബോധിപ്പിച്ചു. മന്ത്രിക്കോ, സെക്രട്ടറിക്കോ, ഐ. ജി. ക്കോ, ക്രൈംബ്രാഞ്ച് ഡി. ഐ. ജി. ക്കോ, പോലീസ് സൂപ്രണ്ടിനോ ഇതു സംബന്ധിച്ച ഒരു അറിവുമില്ല!

വേണമെങ്കിൽ കോടതിക്ക കേസ്സ് ഇവിടെ അവസാനിപ്പിക്കാമായിരുന്നു. കാരണം, പോലീസോ, മററാരെങ്കിലുമോ ഒരാളെ തടങ്ങലിൽ വെച്ചിട്ടുണ്ടെങ്കിൽ, ആ തടങ്ങൽ നിയമാനുസൃതവും സാധുവുമാണോ എന്നു പരിശോധിക്കുകയും, തടങ്ങൽ നിയമവിരുദ്ധവും അസാധുവുമെങ്കിൽ തടങ്ങലിൽ കിടക്കുന്ന ആളെ കോടതിയിൽ ഹാജരാക്കണമെന്നു കല്പിക്കുകയുമാണ് ഇത്തരം ഹേബ്യസ് കോർപ്പസ് ഹർജികളിൽ അന്നോളം കോടതികൾ ലോകത്തിലെവിടെയും, ചെയ്തുപോന്നിട്ടുള്ളത്. ഈ കേസ്സിലെന്നപോലെ, ഒരാളെ തടങ്ങലിൽ വെച്ചിട്ടുണ്ടോ ഇല്ലയോ എന്ന സംഗതിതന്നെ വിവാദാസ്പദമായിരിക്കേ, അതിന്റെ സത്യാവസ്ഥ പരിശോധിച്ചറിയേണ്ട ഭാരം അന്നോളം ലോകത്തിൽ ഒരു രാജ്യത്തും ഒരു കോടതിയും ഏറെറടുക്കുകയുണ്ടായിട്ടില്ല.

എങ്കിലും, പൗരസ്വാതന്ത്ര്യത്തിന്റെ കാവല്ക്കാർ എന്ന നിലയിൽ തങ്ങളിൽ നിക്ഷിപ്തമായ പാവനമായ കർത്തവ്യത്തെപ്പററിയുള്ള ബോധം കേരള ഹൈക്കോടതി ഈ അവസരത്തിൽ കൈവെടിഞ്ഞില്ല. തങ്ങളുടെ മുമ്പിലുള്ള തെളിവുകൾ പരിശോധിച്ചശേഷം, ആഭ്യന്തരമന്ത്രിയും (അന്നേക്ക് അദ്ദേഹം മുഖ്യമന്ത്രിയായിക്കഴിഞ്ഞിരുന്നു) ആഭ്യന്തരവകുപ്പു സെക്രട്ടറിയും ഐ. ജി. യും. ഡി. ഐ. ജി. യും എസ്. പി. യും പറഞ്ഞതു കളവാണെന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നു.

തന്റെ വിധിന്യായത്തിൽ ജസ്റ്റീസ് പോററി എഴുതി: 'നിയമവിരുദ്ധമായി തടങ്ങലിൽ വയ്ക്കപ്പെടാതിരിക്കാനുള്ള പൗരന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതു് ഈ കോടതിയുടെ കടമയായിരിക്കുന്നേടത്തോളംകാലം തടങ്ങലിൽ വെച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ ഒരു വിവാദം ഉളവായിരിക്കുന്നതുകൊണ്ടുമാത്രം, നീതി നിർവഹിക്കാതിരിക്കുവാൻ ഞങ്ങൾക്കു കഴിയുകയില്ല.'

തങ്ങളുടെ മുമ്പിലുള്ള തെളിവുകൾ വിശകലനംചെയ്തു്, വാദിയുടെ മകനെ 1976 മാർച്ച് 1-ാം തീയതി പോലീസ് കോഴിക്കോട് റീജിയണൽ എൻജിനീയറിംഗ് കോളേജ് ഹോസ്റ്റലിൽനിന്നു് അറസ്റ്റ്ചെയ്തു പിറേറന്നു കക്കയം പോലീസ് ക്യാമ്പിലേക്കു കൊണ്ടുപോയതായി തെളിഞ്ഞിട്ടുണ്ടെന്നു കോടതി പ്രഖ്യാപിച്ചു. അയാൾ ഇപ്പോഴും തടങ്ങലിലുണ്ടോ? ഇല്ലെന്നു തെളിഞ്ഞാൽ പിന്നെ കോടതിക്കു് ഒന്നും ചെയ്യാനില്ല; കാരണം, ഹേബ്യസ് കോർപ്പസ് റിട്ട് ഒരു ശിക്ഷാനടപടിയല്ല. സങ്കടപരിഹാരനടപടി മാത്രമാണ്. എങ്കിലും വാദിയുടെ മകനെ അറസ്റ്റ്ചെയ്തതായി തെളിയുകയും, അയാളെപ്പററി മറെറാന്നും അറിയാതിരിക്കുകയുംചെയ്ത സാഹചര്യത്തിൽ, അയാൾ അപ്പോഴും പോലീസ് കസ്റ്റഡിയിൽത്തന്നെയാണെന്നു കോടതി കരുതി. വേണമെങ്കിൽ മന്ത്രിയടക്കമുള്ള പ്രതികൾക്കു്, അയാളെ വിട്ടയച്ചെന്നോ, അയാൾ കസ്റ്റഡിയിൽനിന്നു് ഒളിച്ചുപോയെന്നോ വാദിക്കാമായിരുന്നു. പക്ഷേ, അയാളെ അറസ്റ്റ്ചെയ്തിട്ടേയില്ല എന്നു വാദിക്കുകവഴി ഈ രക്ഷാമാർഗം അവർ നഷ്ടപ്പെടുത്തിയിരിക്കുന്നു.

പരാതിക്കാരന്റെ സങ്കടനിവൃത്തിക്കുവേണ്ടി എന്തു ചെയ്യാമെന്നതാണ് കോടതിയുടെ മുമ്പിൽ പിന്നീടു് അവശേഷിച്ച പ്രശ്നം. ജസ്റ്റീസ് പോററി തന്റെ വിധിന്യായത്തിൽ എഴുതി:

'പരാതിക്കാരന്റെ മകനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്നു കാണുകയും, അയാളെ പോലീസ് വിട്ടയയ്ക്കുകയോ, മറെറന്തെങ്കിലും അയാൾക്കു സംഭവിക്കുകയോ ചെയ്തതായി കാണാതിരിക്കുകയും ചെയ്തിരിക്കെ, അയാൾ, സ്റ്റേററിലെ ഒരു പോലീസ് ഉദ്യോഗസ്ഥന്റെയും കീഴിൽ തടങ്ങലിൽ ഇല്ലെന്നു പ്രതികൾ സത്യവാങ്മൂലം ബോധിപ്പിച്ചിട്ടുണ്ടെന്നു കരുതി, ഈ കേസ് ഇവിടെ അവസാനിപ്പിക്കുന്നതു്

ഞങ്ങൾക്ക മനോവേദനയുളവാക്കുന്ന ഒരു കാര്യമാണ്. ഈ കേസ്സിൽ വെളിപ്പെട്ട വസ്തുതകളെല്ലാമുണ്ടായിരുന്നിട്ടും, തുടർന്ന് ഒരു നടപടിയും ഉണ്ടായില്ലെങ്കിൽ അതിന്റെ ഫലം എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ, പ്രത്യേകിച്ച പോലീസുകാർ, അനിയന്ത്രിതമായി അധികാരം പ്രയോഗിക്കുന്നതു തുടരുക എന്നതാവും. ഈ നാട്ടിൽ ജനാധിപത്യ ജീവിതരീതിയുടെ അസ്തിവാരമായ അടിസ്ഥാനമൂല്യങ്ങൾ പാടേ ഒലിച്ചുപോകുന്നതിലായിരിക്കും ഇതു ചെന്നെത്തുക.'

എട്ടു ദിവസങ്ങൾക്കകം പരാതിക്കാരന്റെ മകനെ കോടതിയിൽ ഹാജരാക്കണമെന്നു ബഹുമാനപ്പെട്ട ജഡ്ജിമാർ വിധിച്ചു. അതു സാദ്ധ്യമല്ലെങ്കിൽ പ്രതികൾ വിവരം ഹൈക്കോടതി രജിസ്ട്രാരെ രണ്ടു ദിവസം മുൻകൂട്ടി അറിയിക്കണം. പിന്നീടു കൈക്കൊള്ളേണ്ട നടപടികൾ കോടതി തീരുമാനിക്കുന്നതായിരിക്കും.

ജസ്റ്റീസ് പോററി എഴുതി: 'മുൻ നടപടി ചൂണ്ടിക്കാണിക്കാനില്ലാത്ത, അസാധാരണമായ, ഒരു നടപടിക്രമമാണു ഞങ്ങൾ കൈക്കൊള്ളുന്നതു്. പക്ഷേ, ഞങ്ങൾക്ക് അതിനു് അധികാരമുണ്ട്. സത്യം കണ്ടെത്താനും പരാതിക്കാരനു സങ്കടനിവൃത്തി വരുത്താനുമാണ് ഈ നടപടിക്രമങ്ങൾ ഞങ്ങൾ സ്വീകരിച്ചതു്. കോടതിയുടെ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താൻ മറെറാരു മാർഗവും ഞങ്ങൾ കാണുന്നില്ല.

ഈ വിധിന്യായത്തെ 'ഐതിഹാസികം' എന്നു തുടക്കത്തിൽ വിശേഷിപ്പിച്ചതു വെറുതെയല്ല. ഹേബ്യസ് കോർപ്പസ് റിട്ടിനു് ഉദാരവും മനുഷ്യസ്നേഹപ്രചോദിതവുമായ വിപുലീകരണം നൽകുകവഴി നീതിനിർവഹണത്തിന്റെ ചരിത്രത്തിൽ പ്രകാശമാനമായ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുകയാണു ബഹുമാനപ്പെട്ട ജഡ്ജിമാർ ഇവിടെ ചെയ്തതു്. മനുഷ്യാവകാശത്തെ മുൻനിർത്തിയുള്ള ചർച്ചകളിൽ എക്കാലത്തും സ്മരിക്കപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്യും ഈ വിധിന്യായം.

സ്വാഭാവികമായും ഒരു വൈദ്യുതാഘാതം സൃഷ്ടിച്ച ഫലം കേരളത്തിൽ ഈ വിധിന്യായം ഉളവാക്കി. ഇതേ കേസ്സിന്റെ തുടർച്ചയായ 1977—ലെ കെ. എൽ. ടി. 526—ലെ വിധിന്യായം ജസ്റ്റീസ് പോററി ഇങ്ങനെ ആരംഭിക്കുന്നു:

'മർദനഭവനങ്ങളും ചിത്രവധത്തിനുള്ള അറകളും സിനിമകളിലും കെട്ടുകഥകളിലും കാണാറുണ്ട്. ഈ കാലത്തു് അവയ്ക്കു പ്രസക്തിയില്ലെന്നു ഞങ്ങൾ കരുതുമായിരുന്നു. എന്നാൽ, ഈ കേസ്സിന്റെ അവസാനത്തെ അദ്ധ്യായത്തിൽ അനാവരണംചെയ്യപ്പെട്ട കഥ, ഈ സംസ്ഥാനത്തിലെ ഒരു പോലീസ് ക്യാമ്പിൽ, സ്റ്റേററ് പോലീസ്സിലെ സീനിയർ ഉദ്യോഗസ്ഥന്മാർ സംഘടിപ്പിച്ച, മൃഗീയവും, മനുഷ്യത്വത്തിനു നിരക്കാത്തതുമായ, ശരീരദണ്ഡനത്തെക്കുറിച്ചുള്ളതാണ്. മുമ്പ് അവർ എടുത്തിരുന്ന നിലപാടിനു പ്രകടമാംവിധം വിരുദ്ധമായി, ഇപ്പോൾ, ഗവണ്മെൻറിന്റെ ആഭ്യന്തരവകുപ്പു സെക്രട്ടറിയും പോലീസ് ഇൻസ്പെക്ടർ ജനറലും അസന്ദിഗ്ദ്ധമായി പശ്ചാത്താപം പ്രകടിപ്പിച്ചുകൊണ്ട്, ഈ കോടതിയിൽ ഹാജരാക്കണമെന്നു ഞങ്ങൾ നിർദേശിച്ചിരുന്ന രാജനെ, ഈ കേസ്സിൽ ഞങ്ങൾ തീർപ്പു കല്പിച്ചിരുന്നപോലെതന്നെ, സത്യത്തിൽ, പോലീസുകാർ കസ്റ്റഡിയിലെടുത്തിരുന്നതായി ഞങ്ങളുടെ മുമ്പിൽ ബോധിപ്പിച്ചിരിക്കുന്നു. പക്ഷേ, രാജനെ ഹാജരാക്കുക ഇനിയൊരിക്കലും സാദ്ധ്യമല്ലെന്നു് അവർ ഞങ്ങളോടു പറഞ്ഞിരിക്കുന്നു. ശരീരത്തിൽ ഭേദ്യങ്ങൾ ഏല്പിച്ചതിൻഫലമായി രാജൻ മരിച്ചുപോയി എന്നു് അവർ പറയുന്നു. മനുഷ്യരെ ദ്രോഹിക്കുന്നതിൽ ആഹ്ലാദംകൊള്ളുന്ന പോലീസുകാരുടെ ലോകത്തിൽനിന്നു്, തിരിച്ചുവരാനാകാത്തവിധം രാജൻ രക്ഷ

പ്പെട്ടിരിക്കുകയാൽ, ഈ നടപടികൾ ഇവിടെ അവസാനിക്കണം. കാരണം, ജീവിച്ചിരിക്കുന്നവരെ ഹാജരാക്കുവാൻ നിർബന്ധിക്കുക മാത്രമാണ് ഹേബ്യസ് കോർപ്പസിൽ കോടതിയുടെ ഭൂമിക.'

പക്ഷേ, നടപടികൾ അത്രയുംകൊണ്ട് അവസാനിപ്പിക്കാൻ ഈ കോടതിക്കു സമ്മതമായിരുന്നില്ല. പശ്ചാത്താപം പ്രകടിപ്പിച്ച രണ്ടു പ്രതികളെ തുടർന്നുള്ള നടപടികളിൽനിന്നു കോടതി ഒഴിവാക്കി. മററു മൂന്നു പ്രതികളുടെ പേരിൽ, കോടതിയിൽ കള്ളസ്സാക്ഷ്യം ബോധിപ്പിച്ചതിനു നടപടിയെടുക്കണമെന്നു വിധിച്ചു. രണ്ടു പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ കൊലക്കുററം ചുമത്തപ്പെടുകയുംചെയ്തു. ഈ പ്രതികളെല്ലാം പിന്നീടു ശിക്ഷ കൂടാതെ രക്ഷപ്പെടുക മാത്രമല്ല, തുടർന്ന് ഔദ്യോഗികമായ ഉന്നതസ്ഥാനങ്ങളിലെത്തുകകൂടി ചെയ്തു എന്ന വസ്തുത നമ്മുടെ സമൂഹത്തിൻെറ ചില അടിസ്ഥാന വൈരുദ്ധ്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. 1981 ജനുവരി 23–ാം തീയതി ആക്റ്റിങ് ചീഫ് ജസ്റ്റീസ് ആയി നിയമിക്കപ്പെട്ട ശ്രീ സുബ്രഹ്മണ്യം പോററി സ്ഥിരം ചീഫ് ജസ്റ്റീസ് ആയി നിയമിക്കപ്പെടുന്നതിനു് ഇരുപത്തെട്ടുമാസം വേണ്ടിവന്നു എന്ന വസ്തുതയും, ഒരുപക്ഷേ, ഈ വൈരുദ്ധ്യങ്ങളുടെ മറെറാരു ഫലമാവാം.

## അഴിമതിക്കെതിരെ

ഭയമോ, പക്ഷപാതമോ കൂടാതെ എവർക്കും സമമായി നീതി നൽകണമെന്ന് ജസ്റ്റീസ് പോററിക്കുള്ള ഇതേ നിർബന്ധംതന്നെയാണ് കേരള സർവകലാശാലയിലെ നാറുന്ന അഴിമതികൾ വലിച്ചുവാരി പുറത്തിടുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. കക്കയം പോലീസ് ക്യാമ്പിൽനിന്നു രൂപത്തിൽ വ്യത്യസ്തമെങ്കിലും, 'മർദനഭവനങ്ങളും ചിത്രവധത്തിനുള്ള അറകളും' കേരള സർവകലാശാലയിലും നിലനിന്നുവന്നിരുന്നതായി നാം അറിഞ്ഞതു് ജസ്റ്റീസ് പോററിയിലൂടെയാണ്. പണവും അധികാരവുമുള്ളവർ പണവും അധികാരവും പ്രയോഗിച്ച് തങ്ങളുടെ മണ്ടന്മാരായ മക്കൾക്കു മാർക്കുകൾ നേടിക്കൊടുക്കുകയും, അതുവഴി പാവങ്ങളുടെ ബുദ്ധിമാന്മാരായ മക്കൾക്കു കിട്ടേണ്ട പഠന–ഉദ്യോഗസൗകര്യങ്ങൾ നിരന്തരമായി നിഷേധിക്കപ്പെടുകയും ചെയ്യുന്ന വ്യവസ്ഥിതിയാണ് നമ്മുടെ സർവകലാശാലകളിൽ എന്ന് എല്ലാവർക്കും അറിയാമായിരുന്നെങ്കിലും, അധഃപതനം ഏതു തലംവരെ എത്തിക്കഴിഞ്ഞിരുന്നു എന്ന് നടുക്കത്തോടെ മനസ്സിലാക്കാൻ നാട്ടുകാരെ ജസ്റ്റീസ് പോററി സഹായിച്ചു. അദ്ദേഹം കോടതിയിൽവെച്ച് ഉത്തരക്കടലാസ്സുകൾ പരിശോധിപ്പിച്ചപ്പോൾ, 'പരീക്ഷ നടത്തുന്നതു് കോടതിയുടെ ചുമതലയാണോ?' എന്നു ചോദിച്ചവർ കുറവായിരുന്നില്ല. എക്സിക്യൂട്ടീവിൻെറ ചുമതലകളിൽ കൈ കടത്തുന്ന കോടതിയുടെ ഈ നടപടിയിൽ അസ്വാസ്ഥ്യം പ്രകടിപ്പിച്ചവരിൽ മന്ത്രിമാർവരെ ഉൾപ്പെടും.

പരീക്ഷകളുടെ നിർവഹണത്തിനു ചുമതലപ്പെട്ടിരുന്ന സിൻഡിക്കേററ് അംഗമായ ഒരു രാഷ്ട്രീയപ്പാർട്ടി നേതാവിൻെറ ആക്രോശങ്ങൾ കോർട്ടലക്ഷ്യ നടപടികൾക്കുപോലും കാരണമായിത്തീർന്നു. വർഷങ്ങളായി അടിഞ്ഞുകൂടിയ അഴിമതികളുടെ മാലിന്യംകൊണ്ട് വീർപ്പുമുട്ടിക്കുന്ന സർവകലാശാലയുടെ ഇരുണ്ട ഇടനാഴികൾക്കകത്ത് അല്പം കാററും വെളിച്ചവും കടത്താൻ ധീരമായ നേതൃത്വം ജസ്റ്റീസ് പോററി നൽകി. പക്ഷേ, ആ നേതൃത്വത്തെ ആർജവത്തോടെ പിൻതുടരാൻ പിന്നീട് ഉത്തരവാദപ്പെട്ടവർ തയ്യാറാവുക ഉണ്ടായോ എന്ന പ്രശ്നം നിർഭാഗ്യവശാൽ ഇന്നും ഉത്തരം കാണാതെ അവശേഷിക്കുന്നു.

## വനനശീകരണം

നിയമവിരുദ്ധമായി, പക്ഷേ, അധികൃതരുടെ സഹായത്തോടെ നടന്നുവരുന്ന വനവിധ്വംസനം ഈ വേനൽക്കാലത്ത് കേരളത്തിൽ പൊതുവെ സംസാരവിഷയമാവുകയുണ്ടായല്ലോ. വനഭൂമികളിൽ തങ്ങൾക്ക് അവകാശമുണ്ടെന്നു സ്ഥാപിക്കുന്ന പട്ടയങ്ങൾ കൃത്രിമമായി സമ്പാദിച്ചാണ്, സാധാരണഗതിയിൽ, കാട്ടുകള്ളന്മാർ തടി വെട്ടി കടത്തുന്നത്. കോടതികളിൽ ഉത്തരം കേസ്സുകൾ എത്തുമ്പോൾ, കള്ളന്മാരുടെ കൈയിൽ പട്ടയമുണ്ടോ എന്നു നോക്കുകയല്ലാതെ, വനവിധ്വംസനത്തിന്റെ സാമൂഹ്യഫലങ്ങളെപ്പററി ചിന്തിക്കാൻ കോടതികൾ മിനക്കെടാറില്ല. ഇത്തരമൊരു ചിന്തയിലേക്ക് ആദ്യമായി പ്രവേശിച്ച ഇന്ത്യയിലെ ജഡ്ജി, ഒരുപക്ഷേ, ശ്രീ സുബ്രഹ്മണ്യൻപോററിയായിരിക്കാം.

## തടവുകാരോടുള്ള സമീപനം

പൗരസ്വാതന്ത്ര്യത്തിന്റെ കാവല്ക്കാരെന്ന നിലയിൽ ഇളവില്ലാതെ പ്രവർത്തിക്കുകയാണ് ഒരു ന്യായാധിപന്റെ പാവനമായ കർത്തവ്യമെന്നു വിശ്വസിക്കുന്ന ജസ്റ്റീസ് പോററി, നീതിനിർവഹണസ്ഥാപനങ്ങളുടെ പ്രവർത്തനംമൂലം സ്വാതന്ത്ര്യം നഷ്ടപ്പെട്ട തടവുകാരുടെ ക്ഷേമത്തിൽ തല്പരനായതിൽ അത്ഭുതമില്ല. ഏതു തടവുപുള്ളിക്കും, തങ്ങളുടെ അവശതകൾക്കു പരിഹാരം നേടുന്നതിനായി, ഈ ചീഫ് ജസ്റ്റീസിനെ എപ്പോഴും സമീപിക്കാം. തടവുകാരുടെ കത്തുകളെ ഹേബ്യസ് കോർപ്പസ് അപേക്ഷകളെപ്പോലെതന്നെ ഗൗരവത്തോടെ കണക്കിലെടുക്കുകയും, തക്കതായ പരിഹാരനടപടികളെടുക്കുകയും ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും അമാന്തം കാണിച്ചിട്ടില്ല. കഠിനതടവുകാർ ജയിലിൽ ചെയ്യുന്ന വേലയ്ക്കു ഉചിതമായ കൂലി നൽകണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചതു് അദ്ദേഹമാണ്. ഈ കൂലിയിൽനിന്ന് ഒരു ഭാഗം നീക്കിവെച്ച് ജയിലിൽനിന്നു വിടുമ്പോൾ പുതിയ, മാനമായ, ഒരു ജീവിതം ആരംഭിക്കുന്നതിനുള്ള മൂലധനമായി, അവർക്കു നൽകുന്നു.

ഒരാൾ ജയിലിൽ അടയ്ക്കപ്പെടുമ്പോൾ, സാധാരണഗതിയിൽ, അയാളുടെ കുടുംബം തകർന്നുപോകുന്നു. ജയിൽപ്പുള്ളികളുടെ കുടുംബങ്ങൾക്ക് ആശ്വാസവും സംരക്ഷണവും നൽകുന്ന കാര്യം ജസ്റ്റീസ് പോററിയുടെ ചിന്താവിഷയങ്ങളിലൊന്നാണ്. കുററവാളികളെന്നു മുദ്ര, പലപ്പോഴും മതിയായ കാരണമില്ലാതെ, അടിക്കപ്പെട്ട് ബോർസ്റ്റൽ സ്കൂളുകളിൽ (ദുർഗ്ഗുണപരിഹാരപാഠശാലകളിൽ)പ്രവേശിപ്പിക്കപ്പെട്ട കുട്ടികൾക്ക് അദ്ദേഹം ശരിക്കുമൊരു രക്ഷിതാവാണ്. കേരളത്തിലെ സെൻട്രൽ ജയിലുകളിലുള്ള മിക്കവാറും എല്ലാ തടവുകാരുടെയും പൂർണവിവരങ്ങൾ അദ്ദേഹം നേരിട്ടോ, കത്തുകളിലൂടെയോ മനസ്സിലാക്കിയിട്ടുണ്ട്.

സർക്കാർ ഉദ്യോഗങ്ങൾ നൽകുന്ന കാര്യത്തിൽ സ്ത്രീകളോട് ഇക്കാലത്തുപോലും കാണിച്ചുവരുന്ന വിവേചനത്തിനെതിരെ ജസ്റ്റീസ് പോററി ഈയിടെ പുറപ്പെടുവിച്ച ഒരു കല്പന പരക്കെ അറിയപ്പെട്ടിട്ടുള്ളതാണ്.

'കുങ്കുമം' നോവൽമത്സരം ആരംഭിച്ച കാലംമുതൽ, സമ്മാനം നിശ്ചയിക്കുന്ന കമ്മററിയുടെ ചെയർമാൻ ജസ്റ്റീസ് പോററിയാണ്. അയച്ചുകിട്ടിയ എല്ലാ കൈയെഴുത്തുപ്രതികളും, തീരെ മോശപ്പെട്ടവകൂടി, ശ്രദ്ധിച്ചു വായിച്ചു കുറിപ്പുകൾ തയ്യാറാക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന നിഷ്കർഷ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇത്രയധികം മലയാള പുസ്തകങ്ങൾ നിയമേന വായിക്കുന്ന ഒരാളെ വേറെ കാണാൻ വിഷമമാ

ണ്, ജഡ്ജിയെന്ന നിലയിൽ അത്യന്തം ഉത്തരവാദിത്വമുള്ള ചുമതലകൾ നിർവഹിക്കേണ്ടതുള്ളപ്പോഴും, പുസ്തകപാരായണത്തിന് അദ്ദേഹം ദിവസേന സമയം കണ്ടെത്തുന്നു.

ജസ്റ്റീസ് പോററിയുടെ കലാസ്വാദനതൃഷ്ണ സാഹിത്യത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നില്ല. മികച്ച ഒരു സംഗീതാസ്വാദകനാണദ്ദേഹം. എല്ലാ ലളിതകലകളും അദ്ദേഹത്തെ ആകർഷിക്കുന്നു. മനുഷ്യത്വത്തിന് അഴകും അന്തസ്സും ആഴവും നൽകുന്ന എല്ലാററിലും അദ്ദേഹത്തിന് ആഭിമുഖ്യമുണ്ട്. നർമ്മമധുരമാണ് അദ്ദേഹത്തിന്റെ സംഭാഷണം. അതു കേട്ടുകൊണ്ടിരിക്കുക അദ്വിതീയമായ ഒരനുഭവമാണ്. അത്യന്തം വിപുലമാണ് അദ്ദേഹത്തിന്റെ സുഹൃദ്‌വലയം. പരിചിതരോടും സന്ദർശകരോടും സമഭാവനയോടെ പെരുമാറാനുള്ള അദ്ദേഹത്തിന്റെ കഴിവ് അത്ഭുതാവഹമത്രെ.

മഹാരാജാസ് കോളേജിൽ സംസ്കൃതാദ്ധ്യാപകനായിരുന്ന ശ്രീ പത്മനാഭശാസ്ത്രിയുടെ പുത്രനായി ജസ്റ്റീസ് പോററി 1923 ഫെബ്രുവരി 2—ാം തീയതി തിരുവനന്തപുരത്തു ജനിച്ചു. 1945—ൽ അന്ന് അഡ്വക്കേററ് ജനറൽ ആയിരുന്ന ശ്രീ യു. പി. കക്കിലിയയുടെ ജൂനിയറായി തിരുവിതാംകൂർ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. 1957 മുതൽ സ്റ്റേററ് ഗവണ്മെന്റിന്റെ നിയമോപദേഷ്ടാവായി. 1960—ൽ ഈ ജോലി രാജിവെച്ചു. 1967—ൽ കേരള ഗവണ്മെന്റിന്റെ അഡ്വക്കേററ് ജനറലായി. 1969—ൽ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെട്ടു. അഡ്വക്കേററ് ആയി പ്രാക്ടീസ്ചെയ്യുമ്പോഴും, പിന്നീടും, ഒട്ടേറെ സാമൂഹ്യ—സാംസ്കാരിക—വിദ്യാഭ്യാസ—തൊഴിൽസംഘടനകളിൽ അദ്ദേഹം അംഗമായിരുന്നു, ഇപ്പോഴുമാണ്.

സാധാരണയായി ഇന്ത്യയിലെ കോടതികളും ന്യായാധിപന്മാരും ജനങ്ങളിൽനിന്ന് ഉയർന്നും അകന്നും നിലകൊള്ളുവാനാണു വാസന കാണിച്ചുവരുന്നതു്. പക്ഷേ, ജസ്റ്റീസ് പോററി ശരിയായ അർത്ഥത്തിൽ ജനങ്ങളുടെ ന്യായാധിപതിയാണ്.

സത്യപ്രതിജ്ഞയ്ക്കുശേഷം ചീഫ് ജസ്റ്റീസ് പോററിക്ക് ഗവർണർ ഒരു പൂച്ചെണ്ടു നൽകുകയുണ്ടായി. കേരളത്തിലെ ഓരോ പൗരന്റേയും പ്രാതിനിധ്യം, ആ പൂച്ചെണ്ടു നൽകുന്ന അവസരത്തിൽ, ഈ സ്റ്റേററിന്റെ തലവനുണ്ടായിരുന്നു എന്ന് ഉറപ്പിച്ചുപറയാം.

ഗവർണറെ തുടർന്ന് മുഖ്യമന്ത്രി ശ്രീ കരുണാകരനും ശ്രീ പോററിക്ക് ഒരു പൂച്ചെണ്ടു സമർപ്പിച്ചു. ഈ ലേഖനത്തിന്റെ തുടക്കത്തിൽ പ്രസ്താവിച്ച കേസ്സിൽ ജസ്റ്റീസ് പോററി, ശ്രീ കരുണാകരനിൽ കള്ളസത്യവാങ്മൂലം സമർപ്പിച്ചു കുററം ചുമത്തുകയും ഈ ആരോപണം ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേററ് അന്വേഷിക്കേണ്ടതാണെന്നു തീരുമാനിക്കുകയുമുണ്ടായി. ഒരു സാധാരണ പൗരനു ലഭിക്കേണ്ട സങ്കടനിവൃത്തിയെ നിലവിലുള്ള ഗവണ്മെന്റിന്റെ ഏററവും ഉയർന്ന നേതാക്കളുടെ സുഖസൗകര്യങ്ങൾക്കുപരിയായി പരിഗണിച്ചതിൽ ജസ്റ്റീസ് പോററി പ്രകടിപ്പിച്ച ഉത്തരവാദിത്തബോധത്തിനും നീതിനിഷ്ഠയ്ക്കും നിർഭയത്വത്തിനും നൽകപ്പെട്ടതായിരുന്നില്ലേ ശ്രീ കരുണാകരൻ ചീഫ് ജസ്റ്റീസ് പോററിക്കു നൽകിയ പൂച്ചെണ്ട്? അങ്ങനെയാണെങ്കിൽ, ആ പൂച്ചെണ്ടു വാങ്ങിയ ജസ്റ്റീസ് പോററിയെയെന്നപോലെ അതു നൽകിയ ശ്രീ കരുണാകരനെയും ഞാൻ അഭിനന്ദിക്കുന്നു.

(10 ജൂൺ, 1983)